ജില്ലാ വികസന സമിതിയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ

12 [608] ശ്രീ. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വികസന സമിതിയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാറുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) വികസന സമിതിയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ആന്റ് (സി) ചോദ്യം ഉദിക്കുന്നില്ല.

ലാൻഡ് റവന്യൂ വകുപ്പിലെ പ്രമോഷൻ

13 [609] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, അറ്റൻഡൻമാർ, വില്ലേജുമാൻ എന്നിവരുടെ പ്രമോഷൻ ക്വാട്ട ഇപ്പോൾ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; മേൽവിഭാഗം ജീവനക്കാരുടെ പ്രമോഷൻ ക്വാട്ട 15 ശതമാനം ഉയർത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) 1984-ന് മേൽ വിഭാഗം ജീവനക്കാർക്ക് എൽ. ഡി. സി./വി. എ. തസ്തികയിലേക്ക് ഒഴിവിന്റെ 25 ശതമാനം പ്രമോഷൻ വഴി നൽകിയിരുന്നത് പുനഃസ്ഥാപിക്കുമോ;

(സി) ഉണ്ടാകുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) എൽ. ഡി. സി./വി. എ. പ്രമോഷന് അർഹത നേടിയിട്ടുള്ള എത്ര ജീവനക്കാർ ഓരോ ജില്ലയിലുമുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലാൻഡ് റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, അറ്റൻഡൻമാർ, എന്നിവരുടേയും വില്ലേജുമാൻ തസ്തികയിലുള്ളവരുടേയും പ്രമോഷൻ ക്വാട്ട 2:3 എന്ന അനുപാതത്തിൽ വകുപ്പിൽ നിലവിലുള്ള എൽ.ഡി.സി./വില്ലേജ് അസിസ്റ്റന്റ് തസ്തികകളുടെ 35 ശതമാനത്തിന്റെ 25 ശതമാനമാണ്. മേൽ വിഭാഗം ജീവനക്കാരുടെ പ്രമോഷൻ ക്വാട്ട 15 ശതമാനമായി ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യം സർക്കാർ പരിഗണനയിൽ ഇല്ല.

(സി) ഉണ്ടാകുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു നിവേദനം സർക്കാരിൽ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജില്ലാ കളക്ടർമാരിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

കടലാക്രമണത്തിൽ തകർന്ന വീടുകൾക്ക് ഭിത്തി

14 [610] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ന് സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തത്തിന്റെ ഫലമായി തീരദേശത്തെ നിരവധി വീടുകളുടെയും വസ്തുക്കളുടെയും ഭിത്തികൾ തകർന്നുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം വീടുകൾക്കും വസ്തുക്കൾക്കും ഭിത്തി കെട്ടി കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇവർക്ക് തീരദേശത്തു തന്നെ സ്ഥലം ലഭ്യമാക്കി വീട് നിർമ്മിച്ച് നൽകുന്നതിന് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർണ്ണമായും തകർന്നുപോയ വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിക്കുന്നതിനും ഭാഗികമായി കേടുപാടുകൾ സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് വാസയോഗ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സന്നദ്ധ സംഘടനകളുടെയും സർക്കാരിതര സംഘടനകളുടെയും സഹായം ഇക്കാര്യത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സുരക്ഷിതമായ വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. സന്നദ്ധസംഘടനകൾ, സർക്കാരേതര സംഘടനകൾ എന്നിവരുടെയും സഹായ സഹകരണങ്ങൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നതാണ്.

സുനാമിമൂലമുണ്ടായ നാശനഷ്ടങ്ങൾ

15 [611] ശ്രീ. ടി. എൻ. പ്രതാപൻ :
,, എ. സുജനപാൽ
,, പ്രയാർ ഗോപാലകൃഷ്ണൻ
പ്രൊഫ. എ. ഡി. മുസ്തഫ

ശ്രീ. പി. ശങ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly